**21-11-2012 വൈകീട്ട് 04.30ന് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ അദ്ദേഹത്തിന്റെ, ചേമ്പറിൽ കൂടിയ ക്യൂ.ഐ.പി. മോണിട്ടറിംഗ് കമ്മിറ്റിയുടെ മിനിട്സ്.**

<u>പങ്കെടുത്തവർ</u>

(1) ശ്രീ. ഹരിഗോവിന്ദൻ പി., കെ.പി.എസ്.ടി.യു.

(2) ശ്രീ. എം. ഷാജഹാൻ, കെ.എസ്.ടി.എ.

(3) ശ്രീ. ജെ. ശശി, ജി.എസ്.ടി.യു.

(4) എ.കെ. സൈനുദീൻ, കെ.എസ്.ടി.യു.

(5) പി.കെ. കൃഷ്ണദാസ്, എ.കെ.എസ്.ടി.യു.

(6) സിറിയക് കാവിൽ, കെ.എസ്.ടി.എഫ്.

(7) മൊഹമ്മദ് എ., കെ.എ.ടി.എഫ്.

(8) എം. ജോസഫ്, കെ.പി.എസ്.എച്ച്.എ.

(9) എം. ഇമാമുദീൻ, കെ.എ.എം.എ.

(10) എൽ. രാജൻ, സ്റ്റേറ്റ് പ്രോജക്ട ഡയറക്ടർ ഇൻ ചാർജ് (എസ്.എസ്.എ.), അബ്ദുൽ നാസർ കയ്പഞ്ചേരി, എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി.@ സ്ക്കൂൾ, രവീന്ദ്രൻ നായർ, എസ്.സി.ഇ.ആർ.റ്റി, രാജൻ വാര്യർ, എസ്.എസ്.എ കൂടാതെ എസ്.സി.ഇ.ആർ.ടി., ഐ.ടി.@സ്കൂൾ പ്രതിനിധികൾ പങ്കെടുത്തു.

യോഗം 04.30നു ആരംഭിച്ചു. യോഗത്തിൽ അജണ്ട പ്രകാരം വിശദമായ ചർച്ച ഓരോ വിഷയത്തിലും നടത്തുകയും ഓരോ സംഘടനകളുടെയും അഭിപ്രായം ആരായുകയും ആയതിന്റെ, അടിസ്ഥാനത്തിൽ അജണ്ട പ്രകാരമുള്ള വിഷയങ്ങളിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ കൈകൊണ്ടു.

⊗ ഇതുവരെ നടന്ന അദ്ധ്യാപക പരിശീലനത്തെ കുറിച്ചുള്ള വിവരങ്ങൾ ഡി.പി.ഐ. യോഗത്തിൽ അറിയിക്കുകയും ടി പ്രവർത്തനങ്ങൾ യോഗം വിലയിരുത്തുകയും ചെയ്തു.

⊗ നിലവിലുള്ള മാനേജ്മെന്റ് ട്രെയിനിംഗ് തുടർന്നും നടത്തുവാനും തുടർച്ചയായി ഐ.ടി. പരിശീലനം നടത്തുവാൻ പ്രായോഗിക ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ ഇത് അവധിക്കാലത്തു നടത്തുവാനും തീരുമാനിച്ചു. ഐ.ടി. പരിശീലനത്തിനു ആവശ്യമുള്ള അദ്ധ്യാപകരെ പരിശീലനം നൽകി മാസ്റ്റർ ട്രെയിനർമാരായി നിയോഗിക്കാൻ ഐ.ടി.@സ്കൂളിനെ ചുമതലപ്പെടുത്തി.

⊗ സർക്കാറിന്റെ അനുമതിക്കു വിധേയമായി മുൻകാലങ്ങളിൽ മദ്ധ്യവേനൽ അവധിക്കാലത്ത് നടത്തിയതുപോലെ സപ്തദിന മാനേജ്മെന്റ് പരിശീലനവും 3 ദിവസത്തെ ഐ.ടി. പരിശീലനവും പൂർത്തീകരിക്കാൻ തീരുമാനിച്ചു.

⊗ അവധിക്കാല പരിശീലനം നടത്തുന്നതിനു ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ പിൻതുണ എസ്.എസ്.എ. നൽകുന്നതാണ്.

⊗ നിലവിൽ പരിശീലനം സംഘടിപ്പിക്കുന്ന ഉപജില്ലകളിൽ ഉപജില്ലാ കലോത്സവ തീയതിയുമായി ബന്ധപ്പെട്ട അദ്ധ്യാപകർക്ക് അസൗകര്യം ഉണ്ടാകാത്തവിധം പരിശീലന തീയതി നിശ്ചയിക്കാൻ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ ശ്രദ്ധിക്കേണ്ടതാണ്.

- ⊗ അദ്ധ്യാപക പരിശീലനത്തിനു നിയോഗിച്ച ആർ.പി.മാരുടെ അപ്രൈസലും പെർഫോർമൻസ് റിപ്പോർട്ടും എസ്.സി.ഇ.ആർ.ടി., ഡയറ്റിന്റെ സഹായത്തോടെ തയ്യാറാക്കേണ്ടതാണ്.

- ⊗ അദ്ധ്യാപക പരിശീലന പരിപാടിയുടെ സൂഷ്മമായ മോണിട്ടറിംഗിനു ആവശ്യമായ സംവിധാനം ജില്ലാതലത്തിൽ ഉണ്ടാകേണ്ടതാണന്നും ഡി.ഡി.ഇ./ഡയറ്റ്/ എസ്.എസ്.എ. ഇവർ ചേർന്ന് ആവശ്യമായ സംവിധാനം ഒരുക്കേണ്താണെന്നും തീരുമാനിച്ചു.

- ⊗ കൂടുതൽ പരിശീലകരെ ആവശ്യമുണ്ടെങ്കിൽ അവരെ കണ്ടെത്തുന്നതിനു എസ്.സി.ഇ.ആർ.ടി.യെ ചുമതലപ്പെടുത്തി.

- ⊗ മാനേജ്മെന്റ് ട്രെയിനിംഗ് പൂർത്തികരിക്കുന്ന മുറയ്ക്ക് 30 ദിവസത്തെ വിഷയാടിസ്ഥാനത്തിലുള്ള പരിശീലന പരിപാടി നടത്തിപ്പിനു ആവശ്യമായ പ്രപ്പോസൽ സമർപ്പിക്കാൻ എസ്.സി.ഇ.ആർ.ടി.യെ ചുമതലപ്പെടുത്തി.

- ⊗ വിഷയാടിസ്ഥാനത്തിലുള്ള 30 ദിവസത്തെ പരിശീലനത്തിനും മോഡ്യൂൾ പ്രിപ്പറേഷനും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ തയ്യാറാക്കുന്നത് ഏപ്രിൽ മാസത്തോടെ പൂർത്തിയാക്കണം.

- ⊗ നിലവിൽ നടന്നുവരുന്ന പരിശീലനത്തിന്റെ ഗുണനിലവാരം വിശദമായ ചർച്ച ചെയ്യപ്പെടേണ്ടതാണ്. ഡ.ഡി./ഡി.ഇ.ഒ./ഡി.പി.ഒ./ഡയറ്റ് എന്നിവരുടെ ഒരു വീഡിയോ കോൺഫറൻസ് എസ്.എസ്.എ. ഡയറക്ടർ, ഐ.ടി.@സ്കൂൾ ഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവർ സംയുക്തമായി 27.11.2012-ന് നടത്തുവാൻ തീരുമാനിച്ചു. ഈ വീഡിയോ കോൺഫറൻസിൽ സംസ്ഥാന/ജില്ലാതല ക്യൂ.ഐ.പി. മോണിറ്ററിംഗ് അംഗങ്ങൾക്കും പങ്കെടുക്കാം.

- ⊗ ക്ലസ്റ്റർ മീറ്റിംഗിൽ ഒരെണ്ണം ഡിസംബർ മാസത്തിൽ നടത്തുവാൻ തീരുമാനിച്ചു. മാനേജ്മെന്റ് ട്രെയിനിംഗ് ഇല്ലാത്ത ദിവസം ആർ.പി.മാർ ക്ലസ്റ്റർ യോഗം മോണിറ്റർ ചെയ്യേണ്ടതാണ്.

- ⊗ ഡിസംബർ 3 മുതൽ 7 വരെ എല്ലാ സ്ഥലങ്ങളിലും ക്ലസ്റ്റർ മീറ്റിംഗ് തുടങ്ങേണ്ടതാണ്. എൽ.പി. ക്ലാസ്സുകളിൽ ക്ലാസ്സ് അടിസ്ഥാനത്തിലും യു.പി. ക്ലാസ്സുകളിൽ വിഷയാടിസ്ഥാനത്തിലും ആണ് ക്ലസ്റ്റർ യോഗങ്ങൾ നടത്തേണ്ടത്. ഒരു ടീച്ചർ ഒരു ദിവസം മാത്രമേ ക്ലസ്റ്റർ ക്ലാസ്സിൽ പങ്കെടുക്കേണ്ടതുള്ളു. ക്ലസ്റ്റർതല യോഗങ്ങളും, മാനേജ്മെന്റ് പരിശീലനവും നടത്താൻ ദിവസം തീരുമാനിക്കുമ്പോൾ പരസ്പരം ക്ലാഷ് ചെയ്യാത്തവിധം ക്രമീകരിക്കാൻ ജില്ലാ/ഉപജില്ലാതല ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

- ⊗ നിലവിലുള്ള മാനേജ്മെന്റ് ട്രെയിനിംഗിലെ ആർ.പി.മാർ ക്ലസ്റ്റർ ക്ലാസ്സിലെ മോണിട്ടർമാരായി പ്രവർത്തിക്കണം. മോണിട്ടറിംഗ് ടൂൾസ് എസ്.എസ്.എ. വികസിപ്പിക്കണം. മോണിട്ടറിംഗ് റിപ്പോർട്ട് എസ്.സി.ഇ.ആർ.ടി.യ്ക്ക് നൽകേണ്ടതാണ്. 2012 ഡിസംബർ, 2013 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി 5 ക്ലസ്റ്റർതല ആസൂത്രണയോഗങ്ങൾ നടത്തുവാൻ തീരുമാനിച്ചു.

- ⊗ ജനുവരി മാസത്തിലും ഫെബ്രുവരി മാസത്തിലും തുടർച്ചയായി ക്ലസ്റ്റർ പരിശീലനം നടത്തുവാൻ തീരുമാനിച്ചു.

- എസ്.എസ്.എ. പ്രോജക്ട് ഡയറക്ടർ അറിയിച്ചതനുസരിച്ച് 10 ദിവസത്തെ മാനേജ്മെന്റ് പരിശീലനത്തിനായി 25.78 കോടി രൂപയും ക്ലസ്റ്റർ പരിശീലനത്തിനായി 12.8 കോടിയും വകയിരുത്തിയിട്ടുണ്ട്. ഇതുവരെ വന്ന എല്ലാ അദ്ധ്യാപകർക്കും ഇൻസന്റീവ് നൽകിയിട്ടുണ്ട്.

- ആർ.പി.മാരെ ജില്ലകളിലേക്ക് നൽകികൊണ്ട് ഉത്തരവ് നൽകിയിട്ടുണ്ട്. ആർ.പി.മാർ നിർബന്ധമായും ഡി.ഡി.മാർ നൽകുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയോഗിക്കപ്പെടുന്ന സ്ഥലങ്ങളിൽ പ്രവർത്തിക്കണം സർക്കാർ ഉത്തരവ് പ്രകാരം ആർ.പി.മാർക്ക് പകരം അദ്ധ്യാപകരെ നിയമിക്കാവുന്നതാണ്. പരിശീലനം ലഭിച്ച ആർ.പി.മാരുടെ അഭാവംമൂലം ബി.ആർ.സി. പരിശീലനം നടക്കാത്ത സാഹചര്യം ഉണ്ടായാൽ പരിശോധിച്ച് യുക്തമായ നടപടി ബന്ധപ്പെട്ട ഡി.ഡി.മാർ സ്വീകരിക്കേണ്ടതാണ്.

- ഓരോ ടീച്ചറും പാഠപുസ്തകം, ഹാന്റ് ബുക്ക് പടവുകൾ എന്നിവ ലിസ്റ്റ് ചെയ്യുന്ന പ്രവർത്തനങ്ങൾ ഉണ്ടാക്കുക. ഒരു മാസത്തിൽ ഒരു ദിവസം 1 പ്രാവശ്യം ഒന്നിച്ചുകൂടി ഇനി പഠിപ്പിക്കാനുള്ള വിഷയം തീരുമാനിക്കുക. എൽ.ഇ.പി. വർക് ഷീറ്റ് പരിചയപ്പെടുക, പിന്നോക്കം നിൽക്കുന്ന കുട്ടികളെ എങ്ങനെ മുന്നോട്ടു കൊണ്ടുവരണം എന്ന് ചർച്ച ചെയ്യുക. ഇതായിരിക്കണം ക്ലസ്റ്ററിൽ നടക്കേണ്ടത്.

- 1, 2 ക്ലാസ്സിലെ കുട്ടികളെ അദ്ധ്യാപകരെ ഇംഗ്ലീഷ് സി.ഡി. പരിചയപ്പെടുത്തുന്ന പരിപാടി അദ്ധ്യാപക സംഘടനകളെ അറിയിച്ചില്ല എന്ന വിവരം ശ്രദ്ധയിൽപ്പെടുത്തി. പരിശീലനം വിലയിരുത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

- വിദ്യാരംഗവും എസ്.എസ്.എ.യും സംയുക്തമായി കുട്ടികളുടെ സർഗവാസന വളർത്താൻ പദ്ധതി നടപ്പാക്കി വരുന്നു. ഇതിനു അനുമതി നൽകിയിട്ടുണ്ട്. ഇതിൽ ഏകദേശം 5 ലക്ഷാം കുട്ടികളെ പങ്കെടുപ്പിക്കുന്നു.

- ഉച്ചഭക്ഷണത്തനു ആവശ്യമായ അരിയിൽ ചില സ്ഥലങ്ങളിൽ ദൗർലഭ്യം നേരിട്ടതായി ശ്രദ്ധയിൽപ്പെടുകയും അധികമുള്ള സ്ഥലങ്ങളിൽനിന്നും പുനർ ക്രമീകരണം നടത്തി പരാതി പരിഹരിച്ചതായും അറിയിച്ചു. ഡിസംബറിൽ അടുത്ത ക്വാർട്ടർ അലോട്ട്മെന്റ് ലഭിക്കും.

- യു.ഐ.ഡി. എല്ലാ കുട്ടികൾക്കും കൊടുക്കണം. അതിനുള്ള നോഡൽ ഏജൻസിയായി ഐ.ടി.@സ്കൂൾ നിയോഗിച്ചു. മാർച്ച് 31-നകം യു.ഐ.ഡി. പൂർത്തിയാക്കണം. യു.ഐ.ഡി. സ്കൂൾ തലത്തിൽ നടത്തണം. ബി.ആർ.സി.യിലെ ഒരു ടീച്ചർക്ക് യു.ഐ.ഡി. തയ്യാറാക്കുന്നതിനുള്ള ഐ.ടി.@സ്കൂളുമായി ബന്ധപ്പെട്ട കോ-ഓർഡിനേറ്റർമാരായി ചുമതല നൽകേണ്ടതാണ്. യു.ഐ.ഡി. എടുക്കുന്നതിന് കെൽട്രോൺ, അക്ഷയകേന്ദ്രം എന്നിവയുമായി ബന്ധപ്പെട്ട് പൂർത്തിയാക്കുതിന് ഹെഡ്മാസ്റ്റർമാർക്ക് ചുമതല നൽകി സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

- എസ്എസ്.എൽ.സി. മാതൃകാ പരീക്ഷയുടെ ചൊദ്യപേപ്പർ മുൻ വർഷത്തെപ്പോലെ പരീക്ഷാഭവൻ തന്നെയാണ് തയ്യാറാക്കി വിതരണം ചെയ്യുന്നത്. ഇതിനാവശ്യമായ നിർദ്ദേശങ്ങൾ പരിക്ഷാഭവൻ നൽകും. എസ്.എസ്./എസ്.ടി. കുട്ടികൾ ഒഴികെയുള്ളവരിൽ നിന്നും മുൻവർഷത്തെപ്പോലെ 10/- രൂപ ഫീസ് പിരിക്കേണ്ടതാണ്.

⊗ ഡിസംബർ 6 മുതൽ പേപ്പർ വാല്യൂഷനുള്ള അപേക്ഷയും ഗൾഫ് രാജ്യങ്ങളിൽ പരീക്ഷ നടത്താൻ പോകാനുള്ള അപേക്ഷയും ഓൺലൈനായി സ്വീകരിക്കുന്നതാണ്.

⊗ 10-ാം തരത്തിലെ ഐ.ടി. പരീക്ഷ 1½ മണിക്കൂർ സമയത്തിലാണ് നടത്തുന്നത്. ഐ.റ്റി. എസ്.എസ്.എൽ.സി പരീക്ഷ ഫെബ്രുവരി മാസത്തിൽ അവസാനിക്കും. 8, 9, ക്ലാസ്സുകളിൽ ഐ.ടി. പരീക്ഷ ഒരു മണിക്കൂർ മാത്രമായിരിക്കും.

⊗ 8, 9; 10 ക്ലാസ്സുകളിലെ രണ്ടാം പാദവർഷ പരീക്ഷാ ചോദ്യപേപ്പർ തയ്യാറാക്കി സി.ഡി. എസ്.സി.ഇ.ആർ.ടി. നവംബർ 30-ന് മുൻപ് ജില്ലകൾക്ക് നൽകും. 1 മുതൽ 7 വരെയുള്ള ക്ലാസ്സുകളിലെ ചോദ്യപേപ്പർ എസ്.എസ്.എ. തയ്യാറാക്കി നൽകും.

⊗ പത്താം ക്ലാസ്സിലെ സോഷ്യൽ സയൻസിലെ എല്ലാ പാഠഭാഗങ്ങളും ഉൾപ്പെടുത്തിയായിരിക്കും പരീക്ഷ നടത്തുന്നത്.

⊗

യോഗം രാത്രി 08.30ന് പിരിഞ്ഞു.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

പി.എസ. 22-11-12